**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4615** **29-10-2021 - ൽ മറുപടിയ്ക്ക്**

**ബദിയഡുക്ക- പള്ളിക്കണ്ടത്തിലെ തടയണ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ബദിയഡുക്ക പഞ്ചായത്തിലെ പള്ളിക്കണ്ടത്തിലെ തടയണ എപ്പോൾ നിർമ്മിച്ചതാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസറഗോഡ് ബദിയഡുക്ക പഞ്ചായത്തിലെ പള്ളിക്കണ്ടത്തിലെ തടയണ ഏകദേശം 40 വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ചതാണ്. |
| (ബി) | എത്ര രൂപ മുടക്കിയാണിത് നിർമ്മിച്ചതെന്നും നാളിതുവരെ അറ്റകുറ്റപ്പണികൾക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | ഈ തടയണ 40 വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ചതിനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകൾ നിലവിൽ ലഭ്യമല്ലാത്തതിനാലും തടയണയുടെ അറ്റകുററപണികൾ നടത്തിയിരുന്നത് കർഷകരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ആയിരുന്നതിനാലും തടയണ നിർമ്മാണത്തിന് ചിലവായ തുകയും അറ്റകുററപണികൾക്കായി ചിലവഴിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമല്ല. |
| (സി) | ഈ തടയണ നവീകരിക്കാത്തതിനാൽ പ്രദേശത്തെ കർഷകർക്ക് വേനലിൽ ജലസേചനത്തിനും കുടിവെള്ളത്തിനും ക്ഷാമമനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | തടയണയിൽ എല്ലാ വർഷവും വെള്ളം സംഭരിക്കാറുണ്ടെങ്കിലും ചോർച്ച അധികമായ തിനാൽ ദീർഘനാളത്തേക്ക് വെള്ളം സംഭരിക്കാൻ സാധിക്കുന്നില്ല. ആയതിനാൽ ജല സേചനത്തിനും കുടിവെള്ളത്തിനും ക്ഷാമ മനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഈ തടയണ പുതുക്കിപ്പണിയുന്നതാണോ നവീകരിക്കുന്നതാണോ കൂടുതൽ പ്രയോജനകരവും പ്രായോഗികവുമെന്ന് വ്യക്തമാക്കാമോ; ആയതിന് ആവശ്യമായ തുക എത്രയാണെന്നും പ്രസ്തുത തുക അനുവദിക്കുമോയെന്നും വെളിപ്പെടുത്തുമോ ; | (ഡി) | തടയണയ്ക്ക് ചോർച്ച കൂടുതലായതിനാൽ പുനർനിർമ്മിക്കുന്നതാണ് അഭികാമ്യം. ഇത് പുനർനിർമ്മിക്കുന്നതിന് ഏകദേശം ഒരു കോടിയോളം രൂപ ആവശ്യമാണ്. സർക്കാരിൽ ഇത് സംബന്ധിച്ച ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത തടയണ എപ്പോൾ കർഷകർക്ക് ഉപയോഗപ്രദമാകുമെന്ന് വ്യക്തമാക്കാമോ? | (ഇ) | തടയണയ്ക്ക് ചോർച്ച കൂടുതലായതിനാൽ പുനർനിർമ്മിക്കുന്നതാണ് അഭികാമ്യം. ഇത് പുനർനിർമ്മിക്കുന്നതിന് ഏകദേശം ഒരു കോടിയോളം രൂപ ആവശ്യമാണ്. സർക്കാരിൽ ഇത് സംബന്ധിച്ച ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ